പൂർവ്വം പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, മലയാളം പരിപാടികൾ കൂടി വന്നു കഴിഞ്ഞാൽ കുറെക്കൂടി സ്പീഡ് അപ് ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്. അടുത്തകാലത്ത് ഇൻഫർമേഷൻ മിനിസ്റ്റേഴ്സിന്റെ ഒരു കോൺഫറൻസിൽ വച്ച് പ്രധാനമന്ത്രിതന്നെ ഇക്കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഒരു കാലത്ത് പഞ്ചായത്തുകളിൽ റേഡിയോകൾ ഏർപ്പെടുത്തുകയെന്നു പറഞ്ഞാൽ വളരെ അപൂർവ്വമായിരുന്നു. ഇന്ന് പഞ്ചായത്തുകളിൽ മാത്രമല്ല, എല്ലായിടത്തും റേഡിയോ കാണാൻ തുടങ്ങിയിട്ടുണ്ട്. അതുപോലെ ടെലിവിഷൻ സെറ്റുകളും ആ നിലയിൽ വില കുറച്ചു കൊണ്ടുവരാനും സാധാരണക്കാരായ ആളുകൾക്ക് ചെന്നെത്താനുള്ള മേഖലയാക്കി മാറ്റാനുള്ള സംരംഭത്തിൽ സംസ്ഥാന ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നതാണ്.

III സബ്മിഷൻ

(1) തളിപ്പറമ്പ്—കുടിയാൻമല റൂട്ടിലെ യാത്രാ പ്രശ്നം

ശ്രീ. കെ.സി. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുടിയാൻമല ദേശവൽകൃത മേഖലയിൽ ട്രാൻസ്പോർട്ട് ബസ്സിന്റെ അപര്യാപ്തത ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിലും ഞാൻ ഇത് സബ്മിഷനായി ഉന്നയിച്ചതാണ്. അന്നും പറഞ്ഞ മറുപടി ബസ് സർവ്വീസ് അവിടെ മുറയ്ക്ക് നടത്തുമെന്നാണ്. പക്ഷേ പ്രസ്തുത ദേശവൽകൃത മേഖലയിൽ ഇപ്പോഴും കെ.എസ്.ആർ.ടി.സി.സർവ്വീസുകൾ മുറയ്ക്ക് നടക്കുന്നില്ല. പലപ്പോഴും പകുതിയിൽ കൂടുതൽ ഷെഡ്യൂളുകളും ക്യാൻസലേഷൻ ഉണ്ടാകുന്നു. ആ പ്രദേശത്തെ ജനങ്ങൾ ഇപ്പോൾ സമരത്തിലാണ്. ഒന്നുകിൽ ദേശവൽകൃത മേഖലയിൽ റഗുലറായി കെ.എസ്.ആർ.ടി.സി. സർവ്വീസ് ഏർപ്പെടുത്തണം, അതിന് സാധിക്കില്ലെങ്കിൽ ദയവായി ദേശവൽക്കരണം പിൻവലിച്ച് സ്വകാര്യ ബസ് സർവ്വീസ് സൗകര്യങ്ങൾ ഉണ്ടാക്കണം. ആരും ദേശവൽക്കരണത്തിനെതിരല്ല. പക്ഷേ ദേശവൽക്കരണം വികൃതമാക്കരുത്. ജനങ്ങളുടെ യാത്രാ സൗകര്യത്തിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, തളിപ്പറമ്പിൽ കുടിയാൻമല റൂട്ട് 1976—ലാണ് ദേശസാൽക്കരിച്ചത്. അദ്ദേഹം പറഞ്ഞ കാര്യം ശരിയല്ലെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ അവിടെ എട്ട് ഷെഡ്യൂളുകളും 25 റൗണ്ട് ട്രിപ്പുകളും ഓടിക്കുകയാണ്. കൂടാതെ പയ്യന്നൂരിൽ നിന്നും ഒരു ഷെഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. ദേശവൽക്കരിക്കപ്പെട്ട മേഖലയായ തളിപ്പറമ്പ് കുടിയാൻമലയിൽ ബസ് സർവ്വീസ് കാര്യമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഈ അടുത്ത കാലത്ത് ടയറിന്റെയും ട്യൂബിന്റെയും ക്ഷാമം മൂലമാണ് ഈ പ്രയാസങ്ങളൊക്കെ ഉണ്ടായത് എന്ന് ഞാൻ സഭയെ അറിയിക്കുകയാണ്. പത്തു ദിവസത്തിനുള്ളിൽ ഈ പ്രയാസങ്ങളൊക്കെ തീരും. ഈ പ്രയാസത്തിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ആളുകൾ 9—ാം തീയതി ബസ് തടഞ്ഞിട്ടു. ബസ് തടയണമെങ്കിൽ അവിടെ ബസ് ഓടിയിരിക്കണം. ബസ് തടഞ്ഞത് ബസ് ഉണ്ടായിട്ടുതന്നെയാണ്. കണ്ണൂർ കളക്ടർക്ക് നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

11–ാം തീയതി അദ്ദേഹം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയതിന്റെ ഫലമായി സമരം പിൻവലിച്ചിരിക്കുകയാണ്. ഇന്നലെ മുതൽ അവിടെ ബസ് നിർബ്ബാധം ഓടിക്കൊണ്ടിരിക്കുകയാണ്. അവിടത്തെ യാത്രാസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന് വേണ്ട നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. പിന്നെ കുടിയാൻമല–ആലക്കോട് റൂട്ട് ദേശസാൽകൃത മേഖലയല്ലെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്.

(2) ക്ഷീര വ്യവസായ രംഗത്തെ ബുദ്ധിമുട്ടുകൾ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ പാൽ ഉൽപ്പാദിപ്പിക്കുന്ന പതിനായിരക്കണക്കിന് പാൽ ഉൽപ്പാദകരും അതുപോലെ നൂറു കണക്കിന് ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും ഇന്ന് വല്ലാത്ത വിഷമത്തിലാണ്. പാൽ വിറ്റഴിക്കാനുള്ള യാതൊരു സംവിധാനവുമില്ല. ഡയറിയിൽ നിന്നും ചില്ലിങ്ങ് പ്ലാന്റിൽ നിന്നും ഒക്കെ പാൽ ശേഖരിക്കാൻ പ്രാദേശിക സംഘങ്ങളിൽ വാഹനങ്ങളൊന്നും പോകാറില്ല. ശേഖരിക്കുന്ന പാലിന് തന്നെ കൃത്യ സമയത്ത് വില കൊടുക്കാറില്ല. അങ്ങനെ ഗവൺമെന്റിൽ നിന്നും ഐ.ആർ.ഡി.പി. പ്രകാരമുള്ളതും, ബാങ്കുകളിൽ നിന്നുള്ളതുമായ ലോണുകളൊക്കെയെടുത്ത പാവപ്പെട്ട പാൽ ഉൽപ്പാദകരും ചെറുകിട കൃഷിക്കാരും തൊഴിലാളികളും ഹരിജനങ്ങളും അവരുടെ കടം തിരിച്ചടക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് പാൽ സംഭരിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനം ഉണ്ടാക്കണം. അത് വിറ്റഴിക്കുന്നതിന് മാർക്കറ്റ് ഉണ്ടാകണം. ഇന്ന് പാലക്കാട് ചില്ലിങ്ങ് പ്ലാന്റിൽ ആവശ്യമുള്ള പാൽ കോയമ്പത്തൂർ, തൃശൂർ എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ആലത്തൂരിൽനിന്നോ ചിറ്റൂരിൽ നിന്നോ മണ്ണാർക്കാടുനിന്നോ, അട്ടപ്പാടിയിൽ നിന്നോ പാൽ സ്വീകരിക്കുന്നില്ല. ദിവസേന പാൽ ഒഴുക്കിക്കളയേണ്ട ഒരു സ്ഥിതിയാണിവിടെയുള്ളത്. അതുകൊണ്ട് ആവശ്യമായ ചില്ലിങ്ങ് പ്ലാന്റുകൾ സ്ഥാപിക്കണം. ആലത്തൂരിൽ ഒരു ചില്ലിങ്ങ് പ്ലാന്റ് സ്ഥാപിച്ചാൽ ആയിരക്കണക്കിന് ലിറ്റർ പാൽ കൊടുക്കാൻ കഴിയും. ഇന്ന് ലോണെടുത്ത് നിരവധി പേർ എരുമയും പശുക്കളും ഒക്കെ വാങ്ങി പാൽ ഉൽപ്പാദിപ്പിക്കുകയാണ്. ആ പാൽ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റില്ല. അതുകൊണ്ട് ആലത്തൂരിൽ ഒരു ചില്ലിങ്ങ് പ്ലാന്റ് സ്ഥാപിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. പ്രാദേശിക ക്ഷീര വ്യവസായ സഹകരണ സംഘങ്ങളിൽ വാഹനത്തിൽ പോയി പാൽ ശേഖരിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): പാൽ ഉൽപ്പാദനം കൂടുതലുള്ള ജൂൺ, ജൂലൈ, നവംബർ, ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ പാൽ ഉൽപ്പാദകർക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നുള്ളത് ശരിയാണ്. അതിന് പ്രധാന കാരണം മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ വാങ്ങി സംഭരിക്കാനുള്ള ശേഷി കൈവന്നിട്ടില്ലെന്നുള്ളതാണ്. അടുത്തുതന്നെ അഞ്ച് ഡയറികൾ ഇവിടെ പ്രവർത്തനത്തിൽ വരും. അവയിൽ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലെ ഡയറികളിലും ചില്ലിങ്ങ് പ്ലാന്റുകളിലും അടുത്തു

LIBRARY ARCHIVES Kerala Legislative Assembly